(ബി) ഈ പഞ്ചായത്തിൽ എത്ര ആളുകൾക്ക് തൊഴിലില്ലായ്മാ വേതനം നൽകിയിട്ടുണ്ട് എന്നും അതിൽ പുരുഷന്മാർ എത്ര; സ്ത്രീകൾ എത്ര എന്നും വ്യക്തമാക്കാമോ;

(സി) ബാക്കി അപേക്ഷകർക്കു കൂടി തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൊഴിലില്ലായ്മാ വേതനത്തിനുവേണ്ടി ഈ പഞ്ചായത്തിൽനിന്നും എത്രപേർ അപേക്ഷിച്ചു എന്നും അതിൽ എത്രപേർക്ക് വേതനം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട നാവായിക്കുളം വില്ലേജിൽനിന്നും 1986 ജൂൺ 30 വരെ 401 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) നാവായിക്കുളം വില്ലേജിൽപ്പെട്ട 176 പേർക്ക് വേതനം നൽകിയിട്ടുണ്ട്. അതിൽ പുരുഷൻമാർ 88, സ്ത്രീകൾ 88.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1980-ലെ തൊഴിലില്ലായ്മാ വേതന പദ്ധതിക്ക് ഈ പഞ്ചായത്തിൽനിന്നും 127 പേർ അപേക്ഷിച്ചിരുന്നു. കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി തുക വിതരണം ചെയ്തതിനാൽ ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

മരട് വില്ലേജിൽ കർഷക തൊഴിലാളി പെൻഷൻ

1292 [2317] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെകാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1980-81 മുതൽ 1985-86 വരെ ഓരോ സാമ്പത്തിക വർഷവും മരട് വില്ലേജിൽ കർഷക തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവരുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

താഴെ ചേർക്കുന്നു.

1980-81	164
1981-82	ഇല്ല
1982-83	100
1983-84	7
1984-85	ഇല്ല
1985-86	2

നാവായ്ക്കുളം പഞ്ചായത്തിൽ കർഷകത്തൊഴിലാളി പെൻഷൻ അനുവദിക്കപ്പെട്ടവർ

1293 [2318] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായ്ക്കുളം പഞ്ചായത്തിൽ നിന്നും കർഷക തൊഴിലാളി പെൻഷന് 1986 ജൂൺ 30 വരെ മൊത്തം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly